# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ഹരിതകേന്ദ്രം പദ്ധതി</u>

6198 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വർക്കല കഹാർ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഹരിതകേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഹരിത കേന്ദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം വിശദമാക്കുമോ ;

(സി) ഹരിതകേന്ദ്രങ്ങളുടെ പ്രവർത്തനരീതി വിശദീകരിക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനുള്ള മാർഗ്ഗരേഖ</u>

6199 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012 – 2017)യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി അംഗീകരിച്ച മാർഗ്ഗരേഖകൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) മാർഗ്ഗരേഖയനുസരിച്ച് പദ്ധതിയാസൂത്രണത്തിൽ ഊന്നൽ നൽകുന്ന രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള സ്ഥിതിയിൽ നിന്ന് കാർഷിക മേഖലയ്ക്ക് നൽകുന്ന വിഹിതം കുറയാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കൃഷി ഭൂമി കുറഞ്ഞുവരുന്ന സംസ്ഥാനത്ത് ഇത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഗുണം ചെയ്യില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

**തദ്ദേശ സ്ഥാപനങ്ങൾക്ക് 2011-12-ൽ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക**

6200 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശ സ്ഥാപനങ്ങൾ 2011-12 കാലയളവിൽ പ്ലാൻ ഫണ്ട് വകയിൽ അനുവദിച്ച തുകയും മേഖലാ അടിസ്ഥാനത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളിലെ 12-ാം പഞ്ചവത്സര പദ്ധതി</u>

6201 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ 12-ാം പഞ്ചവത്സര പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ പേരും തുകയും വ്യക്തമാക്കുമോ;

(സി) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക്, ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന സമിതികൾ ഏതെല്ലാമെന്നും ഈ സമിതികൾ എന്നുമുതൽ നിലവിൽ വന്നുവെന്നും സമിതികളുടെ ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരം സമിതികൾ രൂപീകരിച്ചിട്ടില്ലായെങ്കിൽ അതിന് പകരം നിർദ്ദേശിക്കപ്പെട്ട സംവിധാനത്തെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി</u>

6202 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻ നടപടി തുടങ്ങിയിട്ടുണ്ടോ;

(ബി) പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർമാർ എന്നിവർക്ക് ലാപ്ടോപ്പും ഇന്റർനെറ്റ് കണക്ഷനും നൽകാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്പോൾ നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ പഞ്ചായത്തുകളുടെ പദ്ധതിവിഹിത വിനിയോഗം

6203 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 പദ്ധതിക്കാലയളവിൽ 60% ത്തിൽ താഴെ പദ്ധതി വിഹിതം ചെലവിട്ട സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലാ പഞ്ചായത്തുകൾക്ക് ഓരോന്നിനും 2012-13 ലെ പദ്ധതി വിഹിതത്തിൽ നിന്നും എന്ത് തുക വെട്ടിക്കുറച്ചുവെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളുടെ 2012-13-ലെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയക്കുമോ;

(ഡി) ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിയിൽപ്പെടുത്തിയ ഏതെല്ലാം പരിപാടികൾക്കാണ് മുഖ്യമായും വെട്ടിക്കുറവിലൂടെ തുകയിൽ കുറവ് സംഭവിക്കുക എന്നറിയിക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 ൽ പ്ലാൻ ഫണ്ടിനത്തിൽ വകയിരുത്തിയ തുക**

6204 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിനത്തിൽ എന്തു തുക വകയിരുത്തണമെന്നാണ് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ നൽകിയിരുന്നത്;

(ബി) പ്രസ്തുത തുക 2012-13 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടായി വകയിരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കുറവ് വരുത്താനുണ്ടായ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കേരള തദ്ദേശ ഭരണ സേവന പ്രദാന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

6205 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള തദ്ദേശ ഭരണ സേവന പ്രദാന പദ്ധതി (കെ.എൽ. ജി.എസ്.ഡി.പി.) എന്നാണ് രൂപം നൽകിയത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

(സി) ഇതിനായി 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ കൂടുതൽ തുക വകയിരുത്തുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളിലെ പ്രതിനിധികളുടെ മുൻഗണനാക്രമം</u>

6206 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ പ്രതിനിധികളുടെ മുൻഗണനാ ക്രമവും ഇവർ പങ്കെടുക്കുന്ന വിവിധ പരിപാടികളിലെ മുൻഗണനാക്രമവും നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>വിശേഷാൽ ഗ്രാമസഭകൾ</u>

6207

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിരാജ് നിയമപ്രകാരം വിശേഷാൽ ഗ്രാമസഭ സമ്മേളിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടും ഗ്രാമസഭ സമ്മേളിക്കാത്ത സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) നടപടി സ്വീകരിക്കുന്നതിൽ അവ്യക്തത നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോ;

(സി) പഞ്ചായത്തിരാജ് നിയമപ്രകാരം സംസ്ഥാനത്ത് ജനങ്ങൾ ആവശ്യപ്പെട്ട് വിശേഷാൽ ഗ്രാമസഭകൾ വിളിച്ചിട്ടുണ്ടോ; 2011-12, 2012-13 കാലയളവുകളിൽ വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമസഭ ചേരുന്നതിനുള്ള വ്യവസ്ഥകൾ</u>

6208 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന പ്രകാരം പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) നിർബന്ധമായും ഗ്രാമസഭകൾ കൂടുന്ന കാര്യത്തിന് വ്യവസ്ഥകൾ കൊണ്ടുവരുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കാൻ നടപടി</u>

6209 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ആദ്യഘട്ടത്തിൽ എത്ര പഞ്ചായത്തുകളിലാണ് ഇത് സ്ഥാപിക്കുന്നതെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമവികസന പദ്ധതി കാര്യക്ഷമമായി നടത്തിയതിന് അവാർഡ്</u>

6210 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന പദ്ധതിയ്ക്കായുള്ള തുക ശരിയായ രീതിയിൽ ചെലവഴിച്ചതിനും കാര്യക്ഷമമായി നടത്തിയതിനും പഞ്ചായത്തുകൾക്ക് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ആർക്കെല്ലാമാണ് അവാർഡുകൾ നൽകിയത്; വിശദമാക്കുമോ;

(സി) അവാർഡുകൾ കൂടാതെ എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് സർക്കാർ ജീവനക്കാർക്ക് പ്രത്യേക അവധി</u>

6211 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക അവധി നൽകുന്നതിന് പരിഗണിക്കുമോ;

(ബി) ഗ്രാമസഭകളുടെ മിനിറ്റ്സ് അതാത് പഞ്ചായത്തുകളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

തെരുവു വിളക്കുകൾ

6212 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികളിൽ നിന്നും കെ.എസ്.ഇ.ബി. ചുമതലയൊഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത പണികൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് തെരുവു വിളക്കുകളുടെ മെയിന്റനൻസിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനം

6213

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച കോടതി വിധികൾ നിരവധി ഉണ്ടായിട്ടും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

കേരളാ റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി

6214 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനാവശ്യമായ ബൾബുകളും മറ്റ് അനുബന്ധസാമഗ്രികളും വാങ്ങി നൽകുന്നതിനുള്ള ചുമതല, കേരളാ റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഈ മേഖലയിൽ ഉള്ള പ്രാഗ്ത്ഭ്യം, മുൻപരിചയം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന മറ്റു പ്രധാന ദൗത്യങ്ങൾ/ചുമതലകൾ എന്നിവയെ സംബന്ധിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതി</u>

6215 ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ വിശദമാക്കുമോ; പദ്ധതി സമർപ്പിച്ചത് എപ്പോഴാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് എന്ത് തുക ആവശ്യമായി വരും; കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്ന തുക എത്ര; സംസ്ഥാനവിഹിതമായി എന്ത് തുക ആവശ്യമാണ്; ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ സംസ്ക്കരണത്തിന് പദ്ധതികൾ</u>

6216 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യം നീക്കം ചെയ്യുന്നതും സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ ;

(സി) കേന്ദ്ര സർക്കാർ ഫണ്ടുകൾ പ്രസ്തുത ആവശ്യത്തിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ ; നൂതന പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ഇ- വേസ്റ്റ് സംസ്കരണം

6217 ശ്രീ. പുരുഷൻ കടലുണ്ടി
,, എം. ഹംസ
,, കെ. വി. അബ്ദുൾ ഖാദർ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ- വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനം ലഭ്യമാണോയെന്നു വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഇ- വേസ്റ്റ് സംസ്ഥാനത്ത് ഉണ്ടാകുന്നു എന്ന് സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റും കേടായാൽ സ്കൂളിൽ തന്നെ കൂട്ടിവെയ്ക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി
ട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഇ- വേസ്റ്റ് നിർമ്മാർജ്ജനത്തിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ബയോ ഗ്യാസ് പ്ലാന്റിന് സബ്സിഡി

6218 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വീട് ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ പ്ലാനിന് അനുമതി നൽകുമ്പോൾ മാലിന്യ സംസ്ക്കരണത്തിന് എന്ത് നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജനവും ഗുണനിലവാരമുള്ള ജൈവവളവും ഉറപ്പാക്കുന്ന ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള സഹായം ഏതൊക്കെ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകുമെന്നും ഇതിനുള്ള സബ്സിഡി ആനുകൂല്യങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ; സർക്കാർ പ്രഖ്യാപിച്ച സബ്സിഡി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വിവാഹ രജിസ്ട്രേഷൻ നിയമത്തിലെ ഭേദഗതി</u>

6219 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന 2007-ലെ ഭേദഗതി ചെയ്ത വിവാഹ രജിസ്ട്രേഷൻ നിയമത്തിൽ വീണ്ടും ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; 2007-ലെ ഭേദഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) വിവാഹ സർട്ടിഫിക്കറ്റ് കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ആധികാരിക രേഖയുമായി പ്രവാസി മലയാളികളുടെ ബന്ധുക്കൾ എത്തുമ്പോൾ സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ മിഷന്റെ പ്രവർത്തനം</u>

6220 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഗീതാ ഗോപി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) മിഷന്റെ കീഴിൽ എത്ര കുടുംബശ്രീ യൂണിറ്റുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംഘടനാ സംവിധാനം ശക്തിപ്പെടുത്താനും സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കുടുംബശ്രീ മിഷന് ധന സഹായം നൽകാറുണ്ടോ ; എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുടുംബശ്രീ മിഷന് സമാനമായി ഏതെല്ലാം സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കുടുംബശ്രീ പദ്ധതികൾ</u>

6221 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ വിപണന കേന്ദ്രങ്ങൾ</u>

6222 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ ചേർന്നാണ് വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മണൽ പാസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

6223 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ മണൽ പാസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് മണലെടുക്കാൻ അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമസഭകളുടെ പ്രവർത്തനക്ഷമത</u>

6224 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യക്തിഗത ആനുകൂല്യങ്ങൾ പരിശോധിച്ച് നൽകേണ്ടത് ഗ്രാമസഭകളിലൂടെയുള്ള തീരുമാനപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 വർഷത്തിൽ യഥാസമയം ഗ്രാമസഭകൾ വിളിച്ച് ചേർക്കാനോ, ചേരാനോ കഴിയാതെവന്ന എത്ര ഗ്രാമപഞ്ചായത്ത് വാർഡുകൾ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഗ്രാമസഭകൾ യഥാസമയം ചേരുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിലെ സൈക്കിൾ വിതരണം

6225 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏതെങ്കിലും സ്കൂളുകളിൽ കുട്ടികൾക്ക് സൈക്കിൾ വാങ്ങി നല്കിയിട്ടുണ്ടോ ;

(ബി) ഏത് ഫണ്ട് ഉപയോഗിച്ചാണ് സൈക്കിൾ വാങ്ങിയത് ;

(സി) എങ്കിൽ എന്ത് വിലയ്ക്കാണ് സൈക്കിൾ വാങ്ങിയതെന്നും, ഏത് കമ്പനിയിൽനിന്നാണ് വാങ്ങിയതെന്നും, ഏത് സ്കൂളുകളിലാണ് വിതരണം നടത്തിയതെന്നും അറിയിക്കുമോ;

(ഡി) വാങ്ങിയ സൈക്കിളുകളുടെ വൗച്ചർ ലഭ്യമാക്കുമോ;

(ഇ) മണ്ഡലത്തിലെ നിയമസഭാംഗത്തെ പ്രസ്തുത സൈക്കിൾ വിതരണം നടത്തുന്നതിന് ഏതെങ്കിലും സ്കൂളുകളിൽ ക്ഷണിച്ചിരുന്നോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മുളക്കുഴ പഞ്ചായത്തിലെ അംഗൻവാടി</u>

6226 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മുളക്കുഴ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി കോളനിയായ പൂപ്പൻകരയിലെ നിർദ്ധനരായ കുട്ടികൾ പഠിക്കുന്ന പ്രസ്തുത അംഗൻവാടിയിലെ കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നതിനും ആയത് പാചകം ചെയ്ത് നൽകുന്നതിന് ഹെൽപ്പറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

റസിഡൻഷ്യൽ ഏരിയകൾ

6227 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ വാസയോഗ്യമായതും ഗതാഗത സൗകര്യങ്ങളും മറ്റ് ജീവിത സൗകര്യങ്ങളുള്ളതുമായ പ്രദേശങ്ങൾ റസിഡൻഷ്യൽ ഏരിയകളായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇക്കാര്യങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സി. എച്ച്. മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്മെന്റിന് സാമ്പത്തിക സഹായം</u>

6228

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിലെ സി. എച്ച്. മുഹമ്മദ് കോയ ചെയർഫോർ സ്റ്റഡീസ് ഓൺ ഡവലപ്മെന്റ് സൊസൈറ്റിക്ക് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ എത്ര തുക വീതം നൽകണമെന്നാണ് പറഞ്ഞിട്ടുളളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകൾ ഫണ്ട് നൽകിയിട്ടുണ്ട്; എത്ര തുക വീതമാണ് നൽകിയത്;

(ബി) സി. എച്ച്. ചെയറിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരുടെ പേരും വിലാസവും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ട്രസ്റ്റുകൾക്കും ചാരിറ്റി പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സഹായം</u>

6229 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ട്രസ്റ്റുകൾ, ചാരിറ്റി പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സഹായം നല്കാൻ എത്ര അനുമതികൾ നല്കിയിട്ടുണ്ട് എന്നതിന്റെ വിശദവിവരങ്ങളും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും, പുസ്തക പ്രകാശനത്തിന് ഇത്തരം അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഏതെങ്കിലും പുസ്തകം വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദവിവരങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും നൽകുന്ന സംഭാവന</u>

6230 ശ്രീ. പി. റ്റി. എ. റഹീം
,, എ. പ്രദീപ്കുമാർ
,, ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും സംഭാവന നൽകുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മതത്തിന്റെയും വ്യക്തികളുടെയും പേരിൽ സ്വകാര്യമായി ട്രസ്റ്റുകളും സൊസൈറ്റികളും രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് കരസ്ഥമാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ തയ്യാറാകുമോ;

(സി) പൊതുനൻമയും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള സംരംഭങ്ങൾ സർക്കാർ അർദ്ധസർക്കാർ സംവിധാനങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനും അത്തരം സംരംഭങ്ങൾക്ക് മാത്രമായി സർക്കാർ സഹായം ലഭ്യമാക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മലപ്പുറം കുറുവ പഞ്ചായത്തിലെ ജി.എൽ.പി. സ്കൂളിന്റെ പുനരുദ്ധാരണം</u>

6231 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ വറ്റലൂർ ജി.എൽ.പി. സ്കൂളിന്റെ മെയ്ന്റനൻസ് പ്രവൃത്തിക്കായി പഞ്ചായത്തിൽ നിന്നും 2011-2012 സാമ്പത്തിക വർഷം എന്തെങ്കിലും തുക അനുവദിച്ചിരുന്നോ ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനായി എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; എങ്കിൽ എഗ്രിമെന്റ് വച്ച കൺവീനറുടെ പേരും വിലാസവും വ്യക്തമാക്കാമോ ;

(സി) എഗ്രിമെന്റ് പ്രകാരം എന്ന് പ്രവൃത്തി പൂർത്തിയാക്കും;

(ഡി) ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം</u>

6232 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ആലപ്പുഴ ജില്ലാ പഞ്ചായത്ത് എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; ഓരോ പഞ്ചായത്തും തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പട്ടണക്കാട് പഞ്ചായത്തിലെ കൊട്ടളപ്പാടം പാടശേഖരത്തിന്റെ തലച്ചിറ ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും കൊട്ടളപ്പാടം പാടശേഖരത്തിന് ബണ്ട് നിർമ്മിച്ച് 56 ഏക്കർ വരുന്ന ഒരു പാടശേഖരത്തിൽ കൃഷി സുഗമമായി നടത്തുന്നതിനുള്ള സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ പൊതുകളിസ്ഥലം</u>

6233 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന് കീഴിൽ പഞ്ചായത്തു വക സ്വന്തമായി സ്ഥലമുണ്ടായിട്ടും പൊതു കളിസ്ഥലം നിർമ്മിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മലപ്പുറം കുറ്റിപ്പുറം പഞ്ചായത്തിലെ സ്വകാര്യ മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ പ്രവൃത്തി</u>

6234

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ നാഷണൽ ഹൈവേയിൽ നിന്നും പി. ഡബ്ള്യൂ. ഡി. റൊഡിൽ നിന്നും അകലം പാലിക്കാത്തതിന്റെ പേരിൽ കുറ്റിപ്പുറം ടൗണിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്വകാര്യ മത്സ്യ മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവൃത്തി പി. ഡബ്ള്യൂ . ഡി. എൻ എച്ച് വിഭാഗങ്ങളിലെ എഞ്ചിനീയർമാരുടെ റിപ്പോർട്ടിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി നിർത്തിവെയ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി പുനരാരംഭിക്കാൻ സർക്കാരോ പഞ്ചായത്ത് സെക്രട്ടറിയോ ഏതെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെയോ നോട്ടീസിന്റെയൊ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പൂർണ്ണമായും എൻ. എച്ച്. പി. ഡബ്ള്യൂ.ഡി. റോഡുകളിൽ നിന്നും പാലിക്കേണ്ട നിശ്ചിത ദൂരം പാലിച്ചതിനു ശേഷമാണോ പ്രസ്തുത കെട്ടീടത്തിന്റെ നിർത്തിവെച്ച പണി പുനരാരംഭിക്കാൻ ഉത്തരവോ നോട്ടീസോ നലകിയത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യമാർക്കറ്റ് വാടകയ്ക്കാണോ സൗജന്യമായാണോ മത്സ്യകച്ചവടക്കാർക്ക് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമൊ;

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

(എഫ്) വാടകയ്ക്കാണെങ്കിൽ എത്ര തുകയാണ് ഓരോ മത്സ്യ കച്ചവടക്കാരിൽ നിന്നും ഈടാക്കുന്നത്;

(ജി) പഞ്ചായത്തിന് കെട്ടിട നികുതിയല്ലാതെ മറ്റെന്തെങ്കിലും നേട്ടം ഇതുകൊണ്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിലെ വിഭവഭൂപട സർവ്വെ**

6235 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ വിഭവ ഭൂപട സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിലാണ് സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എത്ര പഞ്ചായത്തുകളിൽ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മഹോത്സവം-പഞ്ചായത്തിന്റെ ലാഭം</u>

6236 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ തൃക്കരിപ്പൂർ മഹോത്സവത്തിൽ വരുമാനയിനത്തിൽ ലഭ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക പഞ്ചായത്ത് എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ എ. ഇ.മാർ</u>

6237 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നാണ് പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തുകൊണ്ടുള്ള പി. എസ്. സി. അറിയിപ്പ് വകുപ്പിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭ്യമായതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമ പഞ്ചായത്തുകളുടെ എഞ്ചിനീയറിംഗ് വിഭാഗം ശാക്തീകരിക്കുന്നതിനായി എ. ഇ.മാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

നിയമനത്തിലെ അപാകത പരിഹരിക്കാൻ നടപടി

6238 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ പ്രൊമോഷൻ ലഭിച്ച ജൂനിയറായിട്ടുള്ളവർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകുമ്പോൾ അവർക്ക് മുമ്പേ പ്രൊമോഷൻ ലഭിച്ച് അന്യ ജില്ലകളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്താൻ നടപടി</u>

6239 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ, ശിശുമന്ദിരം ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി മിനി തുടങ്ങിയവർ ചേർന്ന് നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; റഫറൻസ് നമ്പർ 809/VIP/2011(MP&SW) തീയതി 14-11-2011)

(ബി) സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ഇവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

# 10.07.2012-ലെ മറുപടിക്ക്

ഐ.കെ.എം. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

6240 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം ജീവനക്കാർക്ക് ആർജ്ജിതാവധി ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ. ഇല്ലെങ്കിൽ ആർജിത അവധി ലഭിക്കുന്നതിനും അവധി സറണ്ടർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ആർജ്ജിത അവധി എടുത്ത ജീവനക്കാർ ഐ.കെ.എം.ൽ നിന്ന് പിരിഞ്ഞ് പോകുമ്പോൾ അവധി എടുത്ത കാലയളവിലെ വേതനം തിരിച്ചടക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 2006 നു ശേഷം ഐ.കെ.എം.ൽ നിന്ന് എത്ര ജീവനക്കാർ പിരിഞ്ഞു പോയിട്ടുണ്ട്; എത്ര പേരുടെ ശമ്പളം ഇത്തരത്തിൽ തിരിച്ചു പിടിച്ചിട്ടുണ്ട് എന്നും എത്ര പേരുടെ ശമ്പളം തിരിച്ചു പിടിച്ചിട്ടില്ല എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഐ.കെ.എം. ജീവനക്കാരുടെ ശമ്പളപരിഷ്കരണം

6241 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം. ജീവനക്കാർക്ക് വേതനപരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വേതനപരിഷ്കരണം ത്വരിതഗതിയിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഐ.കെ.എം.നെ ഒരു സ്വയംഭരണ സ്ഥാപനമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള എല്ലാ ജീവനക്കാരെയും നിലനിർത്തുന്നതിനുള്ള സംവിധാനം ഉണ്ടാകുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിൽ നിന്നും 2012 ൽ വിരമിക്കുന്നവർ</u>

6242 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പഞ്ചായത്ത് വകുപ്പിൽ നിന്ന് 2012 ഡിസംബർ മാസം 31-ാം തീയതിവരെ റിട്ടയർ ചെയ്യുന്ന പഞ്ചായത്ത് സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവരെ സംബന്ധിച്ചുളള പേര്, സീനിയോറിറ്റി നമ്പർ, റിട്ടയർ ചെയ്യുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് പഞ്ചായത്ത് ഓഫീസിന് മുൻപിലെ പ്രതിമ</u>

6243 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ മുൻ ഭാഗത്ത് ഏതെങ്കിലും പ്രതിമ സ്ഥാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രതിമ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നല്കിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രതിമ സ്ഥാപിക്കുന്ന നടപടി എപ്പോഴാണ് ആരംഭിച്ചതെന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്ന് പൂർത്തിയായി എന്നും വിശദീകരിക്കുമോ;

(ഡി) പൂർത്തീകരിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുവരെ പ്രതിമ നിർമ്മാണത്തിനായി എന്തു തുക ചെലവഴി ച്ചിട്ടുണ്ട്; ഏതു ഫണ്ടിൽ നിന്നാണ് തുക നല്കിയത് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ശ്രീ. പ്രകാശന്റെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്</u>

6244 ശ്രീ. വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് ആഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്, പി.എഫ് സബ്സ്ക്രിപ്ഷൻ എന്നിവ യഥാസമയം ലഭ്യമാകുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്രാമപഞ്ചായത്തുകളിലെ ഫണ്ടിന്റെകുറവ് മൂലം ഉണ്ടാകുന്ന ഈ കാലതാമസം പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമ പഞ്ചായത്തിൽ ജോലി നോക്കുന്ന എൽ.എസ്.ജി.ഡി.എഞ്ചിനിയർ പ്രകാശൻ പളളികുടിയാന്റെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് യഥാസമയം നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിലെ ഓവർസീയർമാരുടെ നിയമനം

6245

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഗ്രേഡ് 3 ഓവർസീയർമാരുടെ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ചുള്ള കോടതി സ്റ്റേ ഉത്തരവ് എന്നാണ് നിലവിൽവന്നതെ.ന്ന് വ്യക്തമാക്കുമോ;

(ഡി) കോടതി സ്റ്റേ നീക്കി പ്രസ്തുത തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

താമരശ്ശേരി പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മദ്യശാലകൾ

6246 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര മദ്യവിൽപനശാലകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മദ്യശാലകൾ അടച്ചുപൂട്ടാൻ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പാൻ മസാല വിൽക്കാൻ പാടില്ലെന്ന ഉത്തരവ്</u>

6247 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ സിഗരറ്റും പാൻ മസാല പോലുള്ളവയും വിൽക്കാൻ പാടില്ലെന്ന ഉത്തരവ് പിൻവലിച്ചുവെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ഏത് സാഹചര്യത്തിലാണ് പ്രസ്തുത ഉത്തരവ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

**<u>സാമൂഹ്യ സുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കാൻ നടപടി</u>**

6248 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര തുകയുടെ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞുവെന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് ദുരിതാശ്വാസ നിധി സമാഹരണം വഴി ജീവകാരുണ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്രകാരം ദുരിതാശ്വാസനിധി നൽകുന്നവരെ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ജില്ലയിലെ പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍</u>

6249 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍ പഞ്ചായത്ത് തലങ്ങളില്‍ ആരംഭിക്കുന്നതിന് ജില്ലാപഞ്ചായത്തുകള്‍ക്ക് ഫണ്ട് നല്‍കിയിട്ടുണ്ടോ എന്ന് പറയാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ആലപ്പുഴ ജില്ലാപഞ്ചായത്തിന് ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളില്‍ പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി പദ്ധതികൾ

6250 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

### സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റ്

6251 ശ്രീ. ഡൊമനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കിൽ ട്രെയിനിംഗ് ആന്റ് പ്ലെയ്സ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിവഴി എത്ര ഗുണഭോക്താക്കളെ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സാമൂഹിക ക്ഷേമ വകുപ്പിന്റെ പേരുമാറ്റം</u>

6252 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക ക്ഷേമ വകുപ്പിന്റെ പേരുമാറ്റി സാമൂഹിക നീതി വകുപ്പ് എന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ കേരളം മുൻപന്തിയിലാണോ; ഇതിന്റെ ഭാഗമായിട്ടാണോ സാമുഹികക്ഷേമ ദിനം ആചരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സാമൂഹിക ക്ഷേമദിനത്തോടനുബന്ധിച്ച് നൽകുന്ന മഹിളാരത്നപുരസ്ക്കാരത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഇ) സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് പ്രസ്തുത പുരസ്കാരം നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ</u>

6253 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് 2011-12 വർഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവർത്തന പുരോഗതി എന്നിവ വ്യക്തമാക്കുമോ;

(ബി) ഇവിടെ 2012-13 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വൃദ്ധസംരക്ഷണം - നടപടി</u>

6254 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൃദ്ധജനങ്ങളെ കുടുംബത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും വൃദ്ധജനങ്ങൾക്കെതിരെ മക്കൾ നടത്തുന്ന അതിക്രമങ്ങൾക്കും എതിരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**10.07.2012-ലെ മറുപടിക്ക്**

<u>വയോജനങ്ങൾക്കായി എല്ലാ ജില്ലയിലും</u>
<u>ഹെൽപ്പ് ഡെസ്ക്കുകൾ</u>

6255 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കായി എല്ലാ ജില്ലയിലും ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുമെന്ന 2011-2012 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വയോമിത്രം പദ്ധതി</u>

6256 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) വയോജനങ്ങൾക്കായി ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വയോമിത്രം പദ്ധതി പ്രകാരം നൽകുന്ന സേവനങ്ങൾ</u>

6257 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പാക്കിവരുന്ന വയോമിത്രം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) വയോജന നയത്തിൽ പ്രതിപാദിച്ച പ്രകാരമുളള ജില്ലാതല കൗൺസിൽ, വയോജനക്ഷേമ സമിതി എന്നിവ എല്ലാജില്ലകളിലും രൂപീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സമിതികൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വൃദ്ധജന സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

6258 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ വൃദ്ധജന സംരക്ഷണത്തിനായി എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ശാരീരിക സൗഖ്യത്തിനും മാനസിക ഉല്ലാസത്തിനുമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വിശപ്പുരഹിത നഗരം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം</u>

6259 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കാൻ 2011 -2012 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഉണ്ടോ ; ഉണ്ടെങ്കിൽ പങ്കാളിത്തം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കൗമാര മാനസിക ആരോഗ്യ പദ്ധതി</u>

T 6260 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, എം. എ. വാഹിദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാര മാനസിക ആരോഗ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വികലാംഗർക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ്

6261 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗർക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ബി) എത്ര പേർക്ക് തിരിച്ചറിയൽ കാർഡ് ഇതുവരെ വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഈയിനത്തിൽ എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന ചികിൽസാ ധനസഹായ അപേക്ഷകൾ</u>

6262 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് പി.എസ്.സി. നിയമനങ്ങളിൽ സംവരണം ചെയ്ത 3% 2004 മുതൽ ബാക്ക് ലോഗ് ആയത് നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിൽ ചികിൽസാ ധനസഹായത്തിന് എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ രോഗിക്കും പരമാവധി നൽകുന്ന ധനസഹായം എത്ര രൂപയാണ് ;

(സി) ധനസഹായ അപേക്ഷയുടെ ഫോറം ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; കെട്ടിക്കിടക്കുന്ന അപേക്ഷകൾ എന്ന് തീർപ്പാക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യക്ഷേമ വകുപ്പിൽ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>രോഗം ഭേദമായിട്ടും മനോരോഗാശുപത്രികളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി</u>

6263 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനോരോഗ ചികിത്സയെ തുടർന്ന് രോഗം ഭേദമായിട്ടും ബന്ധുക്കൾ സ്വീകരിക്കാൻ തയ്യാറാകാത്തതിനാൽ പലർക്കും തുടർന്നും മനോരോഗാശുപത്രികളിൽ കഴിയേണ്ടി വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽപ്പെട്ടുപോയവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയാണ് കണ്ടെത്തി യിട്ടുള്ളതെന്നും ഇവരുടെ പുനരധിവാസം എപ്രകാരം സാദ്ധ്യമാ ക്കുവാനാകുമെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വാർദ്ധക്യകാല പെൻഷന് അർഹരായവർ</u>

6264 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ള അപേക്ഷകളിൽ ഏതുവർഷം വരെയുള്ള എത്ര അപേക്ഷകർക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ആയതിനുശേഷമുള്ള എത്ര അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർ അർഹരായവരുണ്ടെന്നും അർഹരായവർക്ക് പെൻഷൻ നൽകാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ;

(സി) അർഹരായ എല്ലാ അപേക്ഷകർക്കും വാർദ്ധക്യകാല പെൻഷൻ ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

വാർദ്ധക്യകാല പെൻഷൻ യഥാസമയം ലഭിക്കുന്നതിന് നടപടി

6265 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷന് അപേക്ഷ നൽകി പെൻഷൻ അനുവദിച്ചു കഴിഞ്ഞാലും അപേക്ഷകന് തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ ലഭിക്കുന്നതിന് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം എന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

6266 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വിധവാ പെൻഷൻ ലഭിക്കുന്നതിന് പ്രായപരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി എല്ലാ വിധവകൾക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മുനിസിപ്പാലിറ്റി ഉൾപ്പെടെ 11 പഞ്ചായത്തുകളിൽ എത്ര വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗുരുതരമായ രോഗികൾക്കുള്ള ക്ഷേമ പെൻഷൻ</u>

6267 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ പെൻഷൻ, ക്ഷയരോഗ പെൻഷൻ, കുഷ്ഠരോഗ പെൻഷൻ തുടങ്ങിയ ക്ഷേമ പെൻഷനുകൾ അനുവദിക്കുന്ന കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെന്നും, വരുമാനപരിധി എത്രയെന്നും വിശദമാക്കുമോ;

(ബി) നിലവിലുള്ള വരുമാനപരിധിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താത്തതിനാൽ അർഹരായ രോഗികൾക്ക് ഈ പെൻഷൻ ലഭ്യമാകുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഗ്രാന്റ്</u>

6268 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിൽനിന്നും സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും ഗ്രാന്റായി നൽകിയ തുകയും ഇനംതിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ</u>

6269

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലോന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം ജില്ലകളിലുളളവർക്കാണ് ലഭിച്ചിട്ടുളള തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുന്നകാര്യം പരിഗണന യിലുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ ഓഫീസ്

6270 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ഡി. ഡി. എസ്. സൂപ്പർവൈസർമാരുടെ ഓഫീസും അംഗൻവാടിയും ചേർന്നുവരുന്ന കെട്ടിടങ്ങൾ നിർമ്മിയ്ക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദീകരിക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്ജ്
2012 ജൂലൈ 1.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.